പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : T- 3521 24.06.2013-ൽ മറുപടിക്ക്.

## ഇടമലയാർ, മാറാട് സംഭവങ്ങളുമായി ബന്ധപ്പെട്ട കേസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. റ്റി. എ. റഹീം | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ഇടമലയാർ കോടതി സ്ഥാപിച്ചത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) ഇടമലയാർ അന്വേഷണത്തിന്റെ ഭാഗമായി 22.10.1988-ൽ സമർപ്പിക്കപ്പെട്ട എഫ്.ഐ.ആറിന്റെയും 20.10.1989-ലെ അന്തിമ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിന്റെ മുൻപാകെ കേസ് ഫയൽ ചെയ്യുകയുണ്ടായി. ഈ സാഹചര്യത്തിലാണ് 1988-ലെ അഴിമതി നിരോധന നിയമത്തിന്റെ സെക്ഷൻ 13 (i) (c ) (d) പ്രകാരമുള്ളതും മറ്റുള്ളതുമായ കുറ്റങ്ങളുടെ വിചാരണയ്ക്കായി ഇടമലയാർ പ്രത്യേക കോടതി സ്ഥാപിച്ചത്. |
| (ബി) ഈ കോടതിയിൽ ഇടമലയാറുമായി ബന്ധപ്പെട്ട എത്ര എഫ്.ഐ.ആറുകൾ സമർപ്പിച്ചിട്ടുണ്ട് ;<br>(സി) ഇതിൽ എത്രയെണ്ണത്തിൽ ചാർജ് ഷീറ്റ് സമർപ്പിച്ചിട്ടുണ്ട് ;<br>(ഡി) എത്ര എണ്ണത്തിൽ വിചാരണ പൂർത്തിയായിട്ടുണ്ട് ;<br>(ഇ) ബാക്കിയുള്ള കേസുകളിൽ ചാർജ് ഷീറ്റ് സമർപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; | (ബി), (സി), (ഡി) & (ഇ)<br>ഇടമലയാർ അന്വേഷണവുമായി ബന്ധപ്പെട്ട ഒരു എഫ്.ഐ.ആർ മാത്രമാണ് സമർപ്പിച്ചിട്ടുള്ളത്. ഈ കേസ് വിചാരണ നടത്തി തീർപ്പാക്കിയിട്ടുണ്ട്. ഇടമലയാർ സംബന്ധിച്ച കേസുകളിലൊന്നും ഇനി ചാർജ് ഷീറ്റ് സമർപ്പിക്കാനില്ല. |

(മറുപുറം)

(എഫ്) ഈ കോടതി ഇതേ പേരിൽ തുടരുന്നതിന്റെ ഉദ്ദേശ്യമെന്തെന്ന് വ്യക്തമാക്കുമോ ?

: (എഫ്) ഇടമലയാർ കോടതി ഇപ്പോൾ അഡീഷണൽ ജില്ലാ കോടതി V/അഡീഷണൽ എം.എ.സി.റ്റി. എറണാകുളം എന്ന നിലയിലും പ്രവർത്തിച്ചു വരുന്നുണ്ട്. കോടതിയുടെ പേരുമാറ്റുന്ന കാര്യം ബഹു.ഹൈക്കോടതി ആലോചിച്ചിട്ടില്ല എന്നറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ